**പാലക്കാട് തദ്ദേശസ്വയംഭരണവകുപ്പ് ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (5)**
**കൺവീനറുടെ നടപടിക്രമം**
(ഹാജർ: കെ സതീഷ് കുമാർ)

വിഷയം. തദ്ദേശസ്വയംഭരണ വകുപ്പ്- പാലക്കാട് ജില്ല- നവകേരള സദസ്സ് – സ്ഥിരം അദാലത്ത് സമിതി(5) തീരുമാനം സംബന്ധിച്ച്

സൂചന. ശ്രീമതി രേവതി w/o M Sivasubramaniam, Ambedkar Nagar, Moongilmada എന്നവർ നവകേരളസദസ്സ് മുഖേന നല്കിയ പരാതി.

**ഉത്തരവ് നമ്പർ: LSGD/JD/PKD/6384/2023-I2 തീയ്യതി: 23.07.2024**

മേൽ സൂചന പ്രകാരം ശ്രീമതി രേവതി w/o M Sivasubramaniam, Ambedkar Nagar, Moongilmada എന്നവർ നവകേരളസദസ്സ് മുഖേന എരുത്തേമ്പതി ഗ്രാമപഞ്ചായത്തിൽ നിർമിച്ച വീടിന് ശരിയായ കെട്ടിടനമ്പർ അനുവദിച്ചില്ലെന്ന് പരാതിപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ചിരുന്നു.

എരുത്തേമ്പതി ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാതിക്കാരിക്ക് നൽകിയ കത്ത് പ്രകാരം KPBR ചട്ടം 23(2) പാലിക്കുന്നില്ലെന്ന് അറിയിച്ചിട്ടുണ്ട്. പരാതിക്കാരിയെ നേരിൽ കേട്ടു. പഞ്ചായത്തിൽ നിന്നും ധനസഹായം ലഭിച്ച് നിർമിച്ച വീടാണെന്ന് അവർ അറിയിച്ചു. ഫയൽ പരിശോധനയിൽ, നടവഴിയും കെട്ടിടത്തിന്റെ ചുമരും തമ്മിൽ അകലം പാലിക്കുന്നുണ്ട് എങ്കിലും ഈ ഭാഗത്ത് Open Stair Case സ്ഥാപിച്ചിട്ടുണ്ട്. ആയതും നടവഴിയും തമ്മിൽ അകലം 1.15 മീ മാത്രമേ ഉള്ളൂ.ടി നടവഴി 3.5 മീറ്റർ വീതിയുള്ളതും 75 മീറ്ററിൽ അവസാനിക്കുന്നതാണെങ്കിലും ചട്ടം 23(2) ബാധകമാണ്. കെട്ടിടത്തിനു UA നമ്പർ അനുവദിച്ചിട്ടുണ്ട്.

അപേക്ഷകനിൽ നിന്നും ന്യൂനത പരിഹരിച്ച് പുതിയ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് 30 ദിവസത്തിനകം നിയമാനുസൃതം കെട്ടിട നമ്പർ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു

കെ സതീഷ്കുമാർ
ഇന്റേണൽ വിജിലൻസ് ഓഫീസർ
ജോയിന്റ് ഡയറക്ടറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്

പകർപ്പ് : ശ്രീമതി രേവതി w/o M Sivasubramaniam, Ambedkar Nagar, Moongilmada.